## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6849 — 13.07.2012-ൽ മറുപടിക്ക്

### എൻ.ആർ.എച്ച്.എം മുഖേന കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിററൽസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം മുഖേന ആരംഭിച്ച കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ്. കേരളത്തിലെ എല്ലാ ആശുപത്രികളിൽ നിന്നും രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുക, ആരോഗ്യ സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുക, രോഗികളുടെ സുരക്ഷ ഉറപ്പാക്കുക, ആശുപത്രികളിലെ അണുബാധ തടയുക, മരുന്നുകളുടെ സുരക്ഷിതമായ ഉപയോഗം ഉറപ്പാക്കുക, ആശുപത്രികളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക, എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുക, ആശുപത്രി ലബോറട്ടറികളുടെ പരിശോധന ഫലത്തിന്റെ കൃത്യത ഉറപ്പുവരുത്തുക എന്നിവയാണ് പ്രധാനമായും ഈ പ്രോഗ്രാം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) ഏതെല്ലാം ആശുപത്രികളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ? | (ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ എല്ലാ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു ആശുപത്രി, രണ്ട് സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, രണ്ട് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയത്. ആകെ 70 ആരോഗ്യ സ്ഥാപനങ്ങളെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം എല്ലാ താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളേയും എല്ലാ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ